**"ഭരണഭാഷ – മാതൃഭാഷ"**

SOCIAL JUSTICE DEPARTMENT
care, protection & empowerment

നം.SJD/1902/2026-PC3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 06-10-2026
Email - swdkerala@gmail.com
Phone - 0471 – 2306040

**സാമൂഹ്യ നീതി വകുപ്പ് സംസ്ഥാന ഭിന്നശേഷി അവാർഡ് 2026 - നോമിനേഷൻ ക്ഷണിക്കുന്നു.**

ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ഭിന്നശേഷി അവാർഡ് 2026-നുള്ള നോമിനേഷൻ ക്ഷണിക്കുന്നു. ക്യാഷ് അവാർഡും മൊമെന്റോയും സർട്ടിഫിക്കറ്റും ചേർന്നതാണ് അവാർഡ്. സ.ഉ.(സാധാ) നം.216/2026/സാ.നീ.വ തീയതി 08/09/2026 സർക്കാർ ഉത്തരവിൻ പ്രകാരം ചുവടെ പറയുന്ന 16 വിഭാഗങ്ങളിലായി 30 അവാർഡുകളാണ് നൽകുന്നത്.

**1.ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച ജീവനക്കാരൻ (ഗവ/പബ്ലിക് സെക്ടർ)**
(ഓഫീസ് മേധാവി മുഖേന നോമിനേഷൻ സമർപ്പിക്കേണ്ടതാണ്. )

**2.ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച ജീവനക്കാരൻ (പ്രൈവറ്റ് സെക്ടർ)**
(ഓഫീസ് മേധാവി മുഖേന നോമിനേഷൻ സമർപ്പിക്കേണ്ടതാണ്. )

**3.സ്വകാര്യ മേഖലയിൽ ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ലഭ്യമാക്കിയ തൊഴിൽ ദായകർ.**

**4.ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന മികച്ച എൻ.ജി.ഒ സ്ഥാപനങ്ങൾ/ മികച്ച പുനരധിവാസ കേന്ദ്രം**

**5.മികച്ച മാതൃക വ്യക്തി. (ഭിന്നശേഷിയുള്ള വ്യക്തി)**

**6.മികച്ച സർഗാത്മക കഴിവുള്ള കുട്ടി (ഭിന്നശേഷി വിഭാഗം)**

**7.കല/സാഹിത്യം/കായിക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച വ്യക്തികൾ (ഭിന്നശേഷി വിഭാഗം)**

**8.ഭിന്നശേഷി സൗഹൃദ സ്ഥാപനം** (Physical Infrastructure/ഭിന്നശേഷി സൗഹൃദ വെബ് സൈറ്റ് (സർക്കാർ/സ്വകാര്യ)

**9.ഭിന്നശേഷി സൗഹൃദ റിക്രിയേഷൻ സെന്ററുകൾ** (സ്കൂൾ/ഓഫീസ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുതലായവ)

**10.ഭിന്നശേഷിക്കാരെ സഹായിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രവർത്തിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**
(ജില്ല സാമൂഹ്യനീതി ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**11.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ജില്ലാ പഞ്ചായത്ത്**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**12.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ജില്ലാ ഭരണകൂടം**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**13.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച കോർപ്പറേഷൻ**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**14.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച മുനിസിപ്പാലിറ്റി**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**15.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ബ്ലോക്ക് പഞ്ചായത്ത്**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

**16.ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെച്ച ഗ്രാമപഞ്ചായത്ത്**

(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജില്ലാതല/മേഖല/ സംസ്ഥാനതല കൺട്രോളിംഗ് ഓഫീസർ മുഖേന നോമിനേഷൻ ലഭ്യമാക്കേണ്ടതാണ്)

- ഭിന്നശേഷി അവാർഡിനായി വ്യക്തികൾ/ സ്ഥാപനങ്ങൾ നേരിട്ട് നോമിനേഷൻ നൽകുവാൻ പാടില്ല. അപ്രകാരം നൽകുന്ന നോമിനേഷനുകൾ സ്വീകരിക്കുന്നതല്ല. അതാത് മേഖലയുമായി ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ/ സ്ഥാപനങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. അവാർഡിനായി നാമനിർദേശം ചെയ്യപ്പെടുന്ന വ്യക്തി തന്റെ വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ലെന്നും ആ വ്യക്തി, തന്റെ ബന്ധുവല്ലെന്നുമുള്ള സത്യപ്രസ്താവന നാമനിർദേശം ചെയ്യുന്ന വ്യക്തി നാമനിർദേശത്തോടൊപ്പം ലഭ്യമാക്കേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നോമിനേഷനോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജില്ല/ മേഖല/ സംസ്ഥാന മേധാവിയുടെ ശുപാർശയോട് കൂടി ലഭ്യമാക്കണം.
- 11, 12, 13 വിഭാഗത്തിൽ ഉൾപ്പെട്ട നോമിനേഷനുകൾ സാമൂഹ്യനീതി ഡയറക്ടർക്ക് നേരിട്ടും മറ്റുള്ളവ, അതാത് ജില്ല സാമൂഹ്യനീതി ഓഫീസിലുമാണ് ലഭ്യമാക്കേണ്ടത്. അവാർഡ് സംബന്ധിച്ച വിവരങ്ങളും നോമിനേഷൻ ഫോം ഉൾപ്പെടെയുള്ള മാതൃകകളും ജില്ല സാമൂഹ്യനീതി ഓഫീസിലും പബ്ലിക് റിലേഷൻസ് വകുപ്പ് വെബ്സൈറ്റിലും ലഭ്യമാണ്.
- നോമിനേഷനോടൊപ്പം നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ പ്രോഫോർമ( ആവശ്യമായ ശുപാർശകൾ സഹിതം ) , അവാർഡിന് പരിഗണിക്കേണ്ട വിവരങ്ങൾ ,ഫോട്ടോ , മറ്റു പ്രസക്തമായ രേഖകളുടെ പകർപ്പുകൾ എന്നിവയുടെ ( മറ്റു

അംഗീകാരങ്ങൾ ,പത്ര റിപ്പോർട്ട് മുതലായവ ) വിശദമായ **documentation** നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .

- നോമിനേഷനുകൾ ജില്ല സാമൂഹ്യനീതി ഓഫീസുകളിൽ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **2026** ഒക്ടോബർ **25** ആണ്. ജില്ലാതല കമ്മിറ്റി കളുടെ ശുപാർശയോട് കൂടി നോമിനേഷനുകൾ സാമൂഹ്യനീതി ഡയറക്ടർക്ക് ലഭ്യമാക്കേണ്ട അവസാന തീയതി **2026** നവംബർ **5** ആണ്. നോമിനേഷനുകൾ തപാൽ മുഖേന നേരിട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. മെയിൽ മുഖേനയും അനുബന്ധരേഖകളുടെ അഭാവത്തിലും മാനദണ്ഡങ്ങൾ പാലിക്കാതെയും സമയപരിധിക്കുള്ളിൽ ലഭ്യമാക്കാത്തതുമായ നോമിനേഷനുകൾ സംസ്ഥാന ഭിന്നശേഷി അവാർഡിനായി പരിഗണിക്കുന്നതല്ല.

**സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ**

Digitally signed by
ARUN S NAIR
Date: 06-10-2026
01:25:45